കൂല്യങ്ങൾ ലഭിക്കുകയുള്ളൂ. കീഴൂർ വില്ലേജിൽ ഇ.എസ്.ഐ. സ്കീം നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## കളമശ്ശേരി പ്രീമിയർ ടയേഴ്സ്

59 (3459)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. വി.ജെ. പൗലോസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി പ്രീമിയർ ടയേഴ്സിൽ എത്ര തൊഴിലാളികളുണ്ട്;

(ബി) ഈ ഫാക്ടറി ഇപ്പോൾ ലോക്കൗട്ടിലാണോ; എങ്കിൽ എന്നു മുതൽ;

(സി) പ്രസ്തുത കമ്പനി രണ്ട് മൂന്ന് മാസത്തിനുള്ളിൽ അടച്ചു പൂട്ടേണ്ടി വരുമെന്ന കമ്പനി മാനേജിംഗ് ഡയറക്ടറുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കമ്പനിയിലെ ലോക്കൗട്ട് പിൻവലിപ്പിക്കുവാനും തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1295 തൊഴിലാളികൾ.

(ബി) അതെ, 25.12.99 വൈകിട്ട് 5 മണി മുതൽ.

(സി) ഇല്ല.

(ഡി) ആന്റ് ഇ) ഉണ്ട്. പ്രസ്തുത പ്രശ്നത്തിൽ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഇടപ്പെട്ടു. 18.12.99, 3.1.2000, 19.1.2000 എന്നീ തീയതികളിൽ അനുരജ്ഞന ചർച്ചകൾ നടത്തിയെങ്കിലും തീരുമാനമായിരുന്നില്ല. 23.3.2000 ൽ എന്റെ സാന്നിദ്ധ്യത്തിൽ കൂടിയ ചർച്ചയിൽ ഈ കമ്പനിയിലെ ലോക്കൗട്ട് പിൻവലിക്കാനും 27.3.2000 മുതൽ കമ്പനി തുറന്നുപ്രവർത്തിക്കാനും തീരുമാനമെടുത്തിട്ടുണ്ട്.

## എഴുകോൺ കുമാരവിലാസം കാഷ്യൂ കമ്പനിയിൽ ലേബർ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പരിശോധന

60 (3460)ശ്രീ. എഴുകോൺ നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ എഴുകോൺ കുമാരവിലാസം കാഷ്യൂ കമ്പനിയിൽ പരിശോധനയ്ക്കെത്തിയ ലേബർ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറി രേഖകൾ നൽകാൻ മാനേജ്മെന്റ് വിസമ്മതിക്കുകയും വിവരങ്ങൾ നൽകിയ തൊഴിലാളികളെ മാനേജ്മെന്റ് അപായപ്പെടുത്തുവാനും ശ്രമിച്ചതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയം സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ശ്രീ. എഴുകോൺ നാരായണൻ ബഹു: മെമ്പറും ശ്രീമതി കെ. ദേവകി എന്ന ബിലിംഗ് തൊഴിലാളിയും എനിക്ക് നൽകിയ പരാതി അന്വേഷണത്തിലും റിപ്പോർട്ടിനുമായി കൊല്ലം റീജിയണൽ ജോ: ലേബർ കമ്മീഷണർക്ക് അയച്ചു കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ദേവകി എന്ന തൊഴിലാളിക്ക് ജോലി നിഷേധിച്ചു എന്ന പരാതിയിൽ കൊല്ലം ജില്ലാ ലേബർ ഓഫീസർ തൊഴിൽ തർക്ക നിയമപ്രകാരം കൺസിലിയേഷൻ നടപടി സ്വീകരിച്ച് തർക്കം പരിഹരിക്കുന്നതിനായി ചർച്ച നടത്തിവരുന്നു.

17.2.2000-ൽ ഫാക്ടറി പരിശോധിച്ചപ്പോൾ തൊഴിൽ നിയമങ്ങൾ ലംഘിച്ചിരിക്കുന്നതായി കണ്ടെത്തിയതിനാൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ ലേബർ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഐ.പി.സി. 284, 34 വകുപ്പുകൾ പ്രകാരം കൊട്ടാരക്കര പോലീസ് ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ കേസ് ഫയൽ ചെയ്ത് നടപടികളും ആരംഭിച്ചിട്ടുണ്ട്. ഫാക്ടറി നിയമങ്ങൾ ലംഘിച്ചതിന് ബന്ധപ്പെട്ട ഫാക്ടറി ഇൻസ്പെക്ടർ സ്ഥാപന ഉടമയ്ക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

**പ്രിയദർശിനി തേയിലത്തോട്ടത്തിലെ ക്രമക്കേടുകൾ**

**61 (3461)**ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ പ്രിയദർശിനി തേയിലത്തോട്ടത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഏതെങ്കിലും ഉദ്യോഗസ്ഥൻ ക്രമക്കേടു കാണിച്ചതായി തെളിഞ്ഞിട്ടുണ്ടോ; ക്രമക്കേടുകളുടെ സ്വഭാവം വിശദമാക്കുമോ;

(ഡി) ഉദ്യോഗസ്ഥൻമാർ ക്രമക്കേട് കാണിച്ചതായി തെളിഞ്ഞിട്ടുണ്ടെങ്കിൽ അവയെ പിരിച്ചുവിടാനും തോട്ടത്തിനുണ്ടായ നഷ്ടം ഇവരിൽനിന്ന് ഈടാക്കുന്നതിനും നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല

(ബി) - (ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly